നം.CEIA/598/2023-B4

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി – 15.03.2025

## പരിപത്രം

വിഷയം – ജലസേചനം –ജീവനക്കാര്യം – ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന - 27.11.2024 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ സ.ഉ(അച്ചടി) നം.11/2024/P&ARD.

26.10.2022 നോ അതിന് ശേഷമോ ക്ലർക്ക് തസ്തികയിൽ നിയമനത്തിനായി ശിപാർശ ചെയ്യപ്പെട്ട് ഈ തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാർ മിനിറ്റിൽ മലയാളത്തിൽ ഏറ്റവും കുറഞ്ഞത് 15 വാക്കും ഇംഗ്ലീഷിൽ കുറഞ്ഞത് 20 വാക്കും ടൈപ്പ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ പരിജ്ഞാനം ആർജ്ജിച്ചിട്ടുണ്ടെന്ന് പ്രൊബേഷൻ പൂർത്തിയാകുന്നതിന് മുമ്പ് ഓഫീസ് മേലധികാരി ഉറപ്പിക്കേണ്ടതാണെന്ന വ്യവസ്ഥ ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ 26.10.2022 നോ അതിനു ശേഷമോ ക്ലർക്ക് തസ്തകയിൽ നിയമന ശിപാർശ ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പ്രൊബേഷൻ പ്രൊപ്പോസൽ ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കുമ്പോൾ IMG/ മറ്റ് പരിശീലന സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന Induction Training /ഇതിനായുള്ള മറ്റ് പരിശീലന പരിപാടികൾ എന്നിവയുടെ ഭാഗമായുള്ള ഹ്രസ്വകാല കോഴ്സിലൂടെ ജീവനക്കാർ മേൽ പറഞ്ഞ കഴിവ് ആർജ്ജിച്ചിട്ടുണ്ടെന്ന മേലധികാരിയുടെ സാക്ഷ്യപത്രം ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

സീനിയർ സൂപ്രണ്ട്
ബി സെക്ഷൻ

1) എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.റ്റി സെൽ. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)